എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഒരു കൺവീനർ ഉണ്ടായിരിക്കേണ്ടതുമാണ്. പഞ്ചായത്തംഗം ഗുണഭോക്താക്കളുടെ സമിതിയിലോ അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ അംഗമായിരിക്കാനോ, കൺവീനറായി പ്രവർത്തിക്കാനോ പാടില്ലാത്തതാണ്. ഗുണഭോക്തൃ സമിതി ഏറ്റെടുക്കുന്ന പണിയുടെ തൃപ്തികരമായ നടത്തിപ്പിനും പൂർത്തീകരണത്തിനും സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനർ പഞ്ചായത്തുമായി കരാർ വയ്ക്കേണ്ടതും പ്രവൃത്തിയിൽ വീഴ്ച വരുത്തിയാൽ തങ്ങളുടെ നഷ്ടോത്തരവാദിത്വത്തിൽ പഞ്ചായത്തിന് നേരിട്ടോ, കരാറുകാരൻ മുഖേനയോ പ്രസ്തുത പണി പൂർത്തിയാക്കാനുള്ള അവകാശം അംഗീകരിച്ചുകൊണ്ടും പഞ്ചായത്തുകൾക്ക് ഉണ്ടാകുന്ന നഷ്ടം കൺവീനർ ഉൾപ്പെടെയുള്ള ഗുണഭോക്തൃസമിതി അംഗങ്ങളിൽനിന്ന് കൂട്ടായും വെവ്വേറെയായും ഈടാക്കുന്നതിന് സമ്മതിച്ചുകൊണ്ടും ഒരു സമ്മതപത്രം എക്സിക്യൂട്ടീവ് സമിതി അംഗങ്ങൾ ഒപ്പിട്ട് പഞ്ചായത്തിന് നൽകേണ്ടതുമാണ്.

(ബി) ഉണ്ട്.

(സി) പണി തൃപ്തികരമായി പൂർത്തിയാക്കുന്നതുവരെ ഗുണഭോക്തൃ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരണമെന്ന് വ്യവസ്ഥയുണ്ട്.

(ഡി-എഫ്) വാർഡ് മെമ്പർമാർ ഗുണഭോക്തൃ സമിതിയിൽ അംഗമല്ലാത്തതിനാൽ ക്ഷണിക്കേണ്ടതില്ല.

പുത്തൂർ ആസ്ഥാനമാക്കി പുതിയ പഞ്ചായത്ത്

177 (7476) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം ജില്ലയിൽ പുത്തൂർ ആസ്ഥാനമാക്കി പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ?

ഉത്തരം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 4(2) (എ), (ബി) ഖണ്ഡങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരുമാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്തുവാൻ പാടില്ല. അതുകൊണ്ട് 2015-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിന് മുമ്പായി സംസ്ഥാനത്തൊട്ടാകെയായി പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന വിഷയം പരിഗണിക്കുമ്പോൾ മാത്രമേ ഈ നിവേദനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly